ചാത്തന്നൂർ സബ് രജിസ്ട്രാർ ആഫീസിന് എ-ടൈപ്പ് ബിൽഡിംഗ്

74 [3248] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ സബ് രജിസ്ട്രാറാഫീസിന് ഇപ്പോൾ അനുമതി ലഭിച്ചിരിക്കുന്ന ഇ-ടൈപ്പ് ബിൽഡിംഗിന് പകരം എ-ടൈപ്പ് ആക്കി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ചാത്തന്നൂർ സബ് രജിസ്ട്രാർ ആഫീസിന് ഇപ്പോൾ അനുമതി ലഭിച്ചിരിക്കുന്ന ഒരു ഗ്രേഡ് 2 ടൈപ്പ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പയ്യടിമീത്തൽ പി.ഡബ്ല്യു.ഡി. പുറമ്പോക്ക് സ്ഥലം കയ്യേറിയതിനെതിരെ നടപടി

75 [3249] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പെരുമണ്ണ പഞ്ചായത്തിലെ പയ്യടിമീത്തൽ ജി.എൽ.പി. സ്കൂളിനടുത്ത് പി.ഡബ്ല്യു.ഡി.-യുടെ കൈവശത്തിലുള്ള പുറമ്പോക്ക് ഭൂമി (റീസ. 141/3) എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥലം കയ്യേറി സ്വകാര്യ വ്യക്തികൾ റോഡ് നിർമ്മിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനെതിരെ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പുറമ്പോക്കുസ്ഥലം പയ്യടിമീത്തൽ ജി.എൽ.പി. സ്കൂളിന് വിട്ടുകൊടുക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) പുറമ്പോക്ക് ഭൂമി എത്രയുണ്ടെന്ന് അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. അതിനായി ബന്ധപ്പെട്ട തഹസിൽദാർക്ക് എഴുതിയിട്ടുണ്ട്.

(ബി ആന്റ് സി) റവന്യൂ വകുപ്പ് അളന്ന് തിട്ടപ്പെടുത്തിയതിനുശേഷം മാത്രമേ കയ്യേറ്റത്തെക്കുറിച്ച് വ്യക്തമായി പറയുവാൻ കഴിയൂ. സ്ഥലം കൈയ്യേറിയിട്ടുണ്ടെങ്കിൽ അതിനെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly